തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# കോവിഡ്-19

# പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഢിപ്പിച്ച കേസിലെ പ്രതികൾ അറസ്റ്റിൽ

## വിലക്ക് ലംഘനം : 138 പേർക്കെതിരെ നിയമ നടപടി

## 27,600/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- തിരുവല്ലം പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഢിപ്പിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തതായി ഐജിപിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തിരുവല്ലം, പാച്ചല്ലൂർ, റ്റി.സി 57/2644 ൽ ആരിഫ മൻസിലിൽ നൗഷാദ് (34 വയസ്സ്), സഹോദരൻ നവാസ് (34 വയസ്സ്) എന്നിവരെയാണ് തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തത്. ലോക്ക്ഡൗൺ തുടങ്ങിയതിന് ശേഷം പ്രതികൾ 5ഉം10ഉം വയസ്സ് പ്രായമുള്ള പെൺകുഞ്ഞുങ്ങളെ പലതവണ പീഢനങ്ങൾക്കിരയാക്കിയതായി പോലീസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ഇരുവർക്കുമെതിരെ പോക്സോ ആക്ട് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തതെന്ന് തിരുവല്ലം പോലീസ് അറിയിച്ചു. അറസ്റ്റ് ചെയ്ത പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. എസ്.എച്ച്.ഒ സജികുമാർ, എസ്.ഐ പ്രതാപ് കുമാർ, എ.എസ്.ഐ അനിൽ കുമാർ,



തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്ത
നൗഷാദ് (34), നവാസ് (34)

എസ്.സി.പി.ഒ മനു, സി.പി.ഒ മാരായ രാജീവ്, അഖിലേഷ്, ഷാജഹാൻ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നല്കിയത്.

കോവിഡ്–19 കേസ് വിവരം

നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് ഇന്നലെ (04–10–2020) നടത്തിയ പരിശോധനയിൽ 138 പേർക്കെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 122 പേർക്കെതിരെയും സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 16 പേർക്കെതിരെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും ഇന്നലെ നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് പിടിയിലായവരിൽ നിന്നും 27,600/– രൂപയാണ് പിഴ ഇനത്തിൽ ഈടാക്കിയത്. അതോടൊപ്പം തലസ്ഥാനത്ത് ഇന്നലെ കോവിഡ് മാർഗ്ഗ നിർദേശങ്ങൾ പാലിക്കാത്ത 20 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്–2020 പ്രകാരവും കേസെടുത്തു.

കോവിഡ് രോഗവ്യാപനം ദിനംപ്രതി അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങളിൽ പോലീസ് കർശന പരിശോധന നടത്തുമെന്നും മനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന കടകൾ പൂട്ടിയ്ക്കുമെന്നും കമ്മീഷണർ അറിയിച്ചു. തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക്

ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

04-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

04/10/2020.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി